കേരള സർക്കാർ
കൃഷിവകുപ്പ്



# ആദായകരമായ ആടുവളർത്തൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ

# ആദായകരമായ ആടുവളർത്തൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

# ആദായകരമായ ആടുവളർത്തൽ


| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | **എം. ഹേമകുമാരി**<br>*പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ* |
| കടപ്പാട് | : | **ഡോ. ആർ. വേണുഗോപാൽ**<br>*അസി. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്* |
| സമാഹരണം | : | **ഡോ. ബി.എൻ. ബാബുരാജ്**<br>*ഇൻഫർമേഷൻ ഓഫീസർ* |
| എഡിറ്റർ | : | **എലിസബത്ത് ജോർജ്**<br>*പബ്ലിക്കേഷൻ ഓഫീസർ* |
| ലേ ഔട്ട് | : | **ദീപക് മൗത്താട്ടിൽ** |

ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

## ആദായകരമായ ആടുവളർത്തൽ

മനുഷ്യസമൂഹവുമായി ഏറ്റവും അധികം ഇണങ്ങി വളർന്ന മൃഗങ്ങളിൽ ഒന്നാണ് ആട്. വൈവിധ്യമാർന്ന പരിതസ്ഥിതികളോട് ഇഴുകിച്ചേരാനുള്ള കഴിവും അതോടൊപ്പം പരിമിതമായ ഭൗതിക സാഹചര്യങ്ങളിൽ മെച്ചപ്പെട്ട ഉത്പാദനം ലഭിക്കുവാനുള്ള സാധ്യതകൊണ്ടും ആടു വളർത്തലിന് കേരളീയരുടെ ഇടയിൽ മുഖ്യസ്ഥാനം കൈവന്നിട്ടുണ്ട്. പാവപ്പെട്ട കർഷകരുടെ സാമ്പത്തിക പരിമിതികൾക്ക് അനുയോജ്യമായതുകൊണ്ട് 'പാവപ്പെട്ടവരുടെ പശു' എന്ന നിലയിൽ അറിയപ്പെടുന്നു. ലളിതമായ പാർപ്പിടം, കുറഞ്ഞ തീറ്റച്ചെലവ്, പോഷകമൂല്യം അധികമുള്ള പാല്, വിലപിടിപ്പുള്ള ഇറച്ചി, തുകൽ, ഉയർന്ന രോഗപ്രതിരോധ ശക്തി, ലളിതമായ പരിപാലന മുറകൾ എന്നിവ ആടുവളർത്തലിന് അനുയോജ്യഘടകങ്ങളാണ്. എന്നാൽ മേച്ചിൽ സ്ഥലങ്ങളുടെയും പച്ചിലകളുടെയും അഭാവമാണ് ആടുവളർത്തലിന് ഇന്നൊരു പ്രതിസന്ധിയായി ഉയർന്നിരിക്കുന്നത്. വിള നശിപ്പുകാർ എന്ന അപകീർത്തിയും ഈ സാധുമൃഗത്തിന് മറ്റൊരു വെല്ലുവിളിയാണ്. മനുഷ്യനാൽ നശിപ്പിക്കപ്പെടുന്ന വനത്തിനും വിളകൾക്കും ആടുകളെയാണ് പഴി ചാരുന്നത് എന്നതാണ് വസ്തുത. 2007 ലെ സെൻസസ് പ്രകാരം 17 ലക്ഷം ആടുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്.

### ജനുസ്സുകൾ

കേരളത്തിന്റെ തനതു ജനുസ്സാണ് മലബാറി അഥവാ തലശ്ശേരി ആടുകൾ. ഉത്തരകേരളത്തിലെ ജില്ലകളിലാണ് ഇവ ധാരാളമായി ഉള്ളത്. നൂറ്റാണ്ടുകൾക്ക് മുമ്പ് അറേബ്യൻ കച്ചവടക്കാർ കൊണ്ടുവന്ന ആടുകളുടെയും മലബാറിലുണ്ടായിരുന്ന ആടുകളുടെയും സങ്കരസന്തതികളാണ് ഇപ്പോൾ കണ്ടുവരുന്ന 'മലബാറി' ആടുകൾ എന്ന് കരുതപ്പെടുന്നു. കറുപ്പ്, തവിട്ട്, വെളുപ്പ് എന്നീ നിറങ്ങളിലും ഈ നിറങ്ങൾ ഇടകലർന്നതുമായ നിറങ്ങളിലും മലബാറി ആടുകൾ കാണപ്പെടുന്നു. കഴുത്തിൽ തൂങ്ങിക്കിടക്കുന്ന ഉപാംഗങ്ങൾ സാധാരണ കണ്ടുവരുന്ന ഒരു ലക്ഷണമാണ്. ആണാടുകൾക്ക് ശരാശരി 40 കിലോഗ്രാമും പെണ്ണാടുകൾക്ക് ശരാശരി 30 കിലോഗ്രാമും തൂക്കമുണ്ടായിരിക്കും. ഇവയുടെ പ്രതിദിന ശരാശരി പാലുത്പാദനം അര ലിറ്ററാണ്. ശരാശരി അഞ്ചു മാസം വരെ ഇവയുടെ കറവക്കാലം നീണ്ടു നിൽക്കുന്നു.

മലബാറി ആടുകളെ കൂടാതെ ഭാരതത്തിൽ കാണുന്ന പ്രമുഖ ആട്ടിൻ ജനുസ്സുകളാണ് ജമുനാപാരി, ബീറ്റൽ, ബാർബാരി എന്നിവ. കേരളത്തിൽ തന്നെ അട്ടപ്പാടി മലഞ്ചരിവുകളിൽ കണ്ടുവരുന്ന അട്ടപ്പാടി ബ്ലാക്ക് എന്നയിനം ആടുകൾ മാസോത്പാദനത്തിന് മെച്ചപ്പെട്ടവയാണ്.

ഇൻഡ്യയിലെ വലിപ്പം കൂടിയ ജനുസ്സുകളിൽ പ്രധാനിയാണ് ജമുനാപാരി. ഉത്തർപ്രദേശിലെ ഇത്താവാ, മധുര, ആഗ്ര എന്നീ ജില്ലകളിലാണ്

ഇവ ധാരാളമായി കണ്ടുവരുന്നത്. നല്ല ഉയരവും ശരീരവളർച്ചയും ഉള്ള ഈ ഇനങ്ങളിലെ മുട്ടനാടുകൾക്ക് 70 മുതൽ 90 കി.ഗ്രാം വരെയും പെൺ ആടുകൾക്ക് 50 മുതൽ 75 കി.ഗ്രാം വരെയും ഭാരം കാണും. മുന്നിലേക്ക് തള്ളി നിൽക്കുന്ന വളഞ്ഞ നാസികയും വളരെ നീണ്ട് (30 സെ.മീ.വരെ) പാർശ്വങ്ങളിലേക്ക് തൂങ്ങിക്കിടക്കുന്ന ചെവിയും ഇവയുടെ പ്രത്യേകതക ളാണ്. തൂവെള്ളയോ, മഞ്ഞ കലർന്ന വെള്ളയോ നിറമുള്ള ഈ ആടുക ളുടെ ദേഹത്തിൽ ചുവപ്പോ, കറുപ്പോ നിറമുള്ള പുള്ളികളും കാണാറുണ്ട്. 240 ദിവസം നീണ്ടുനിൽക്കുന്ന കറവക്കാലത്തിനുള്ളിൽ 160 മുതൽ 200 ലി. വരെ പാൽ ഇവ ഉത്പാദിപ്പിക്കുന്നു.

ഇതുകൂടാതെ ക്ഷീരോത്പാദനത്തിനു പ്രസിദ്ധിയാർജിച്ച വിദേശ ജനു സ്സുകളായ സാനൻ, ആൽപൈൻ, എന്നീ ഇനങ്ങളും മലബാറി ഇനവും തമ്മിലുള്ള സങ്കര വർഗങ്ങളെയും കേരള കാർഷിക സർവകലാശാല വിക സിപ്പിച്ചെടുത്തിട്ടുണ്ട്.

കേരളത്തിൽ പ്രചാരത്തിലുള്ള വിദേശ ജനുസ്സുകളിൽ പ്രധാനി 'സാനൻ' ആണ്. ആടുകളുടെ കൂട്ടത്തിലെ 'ഗവ്യറാണി' എന്നറിയപ്പെടുന്ന ഇവയുടെ ജന്മദേശം സ്വിറ്റ്സർലണ്ടിലെ സാനൻ താഴ് വരയാണ്. തൂവെ ള്ളയോ ഇളം ക്രീം നിറത്തിലോ കാണപ്പെടുന്നു. ചെവികൾ അല്പം മുൻപോട്ടാഞ്ഞ് മുകളിലേക്ക് വളഞ്ഞിരിക്കും. കൊമ്പുള്ളവയും ഇല്ലാത്ത വയും ഈ കൂട്ടത്തിലുണ്ട്. ആണിനും പെണ്ണിനും താടിയിൽ രോമം കാണും. 300 ദിവസം നീണ്ടു നിൽക്കുന്ന കറവക്കാലത്ത് 900-1000 കി.ഗ്രാം പാൽ ഉത്പാദിപ്പിക്കാൻ കഴിവുണ്ട്. ആൽപൈൻ, ആംഗ്ലോനു ബിയൻ, അങ്കോറ എന്നീ ഇനങ്ങളും പ്രചാരത്തിലുണ്ട്.

### ആടുകളെ തിരഞ്ഞെടുക്കുമ്പോൾ

ആടുകളെ തിരഞ്ഞെടുക്കുമ്പോൾ അവയുടെ വർഗശുദ്ധിയും ഗുണ മേന്മയും പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണ്.

ഒരു നല്ല കറവയാടിനെ തിരഞ്ഞെടുക്കുമ്പോൾ പാലിന്റെ അളവ്, ശരീരത്തിന്റെ തൂക്കം, വലിപ്പം എന്നിവ മാനദണ്ഡമായെടുക്കാവുന്ന കാര്യ ങ്ങളാണ്. പെണ്ണാടുകളെ തിരഞ്ഞെടുക്കുമ്പോൾ തള്ളയാടിന്റെയും കൂടെ പ്പിറന്ന പെണ്ണാടുകളുടെയും ഉത്പാദന പ്രത്യുൽപാദനക്ഷമത കണക്കിലെ ടുക്കേണ്ടതുണ്ട്. പാർശ്വഭാഗങ്ങളിൽ നിന്നു നോക്കുമ്പോൾ മുമ്പോട്ട് തള്ളി നിൽക്കുന്ന അകിട്, തുടുത്ത പാൽ ഞരമ്പുകൾ, കല്ലിപ്പോ, വലിപ്പവ്യത്യാ സമോ ഇല്ലാത്തതും മാർദ്ദവമുള്ളതുമായ അകിട് എന്നിവ നല്ല കറവ ആടു കളുടെ ലക്ഷണങ്ങളാണ്. ഒരു പ്രസവത്തിൽ ഒന്നിലധികം കുട്ടികൾ, അടു ത്തടുത്തുള്ള പ്രസവങ്ങൾ എന്നിവയ്ക്കു പ്രത്യേക പരിഗണന നൽകണം. മാംസോൽപാദനത്തിനുപയോഗിക്കുന്ന ആടുകളുടെ കാര്യത്തിൽ ശരീര തൂക്കത്തിനാണ് പ്രാധാന്യം.

പ്രജനന ആവശ്യത്തിനായി മുട്ടനാടുകളെ തിരഞ്ഞെടുക്കുമ്പോൾ അവയ്ക്ക് നല്ല ശരീര പുഷ്ടിയും ഊർജസ്വലതയും ഉണ്ടായിരിക്കണം. ലൈംഗിക രോഗങ്ങളോ അംഗവൈകല്യമോ ഉള്ള മുട്ടനാടുകളെ പ്രജനനത്തിന് ഉപയോഗിച്ചുകൂടാ.

### പാർപ്പിടം ഒരുക്കൽ

സാധാരണയായി കേരളത്തിൽ ഒന്നോ രണ്ടോ ആടുകളെയും അവയുടെ കുട്ടികളെയും മാത്രമായി കെട്ടിയിട്ടു വളർത്തുന്ന രീതിയാണ് കണ്ടുവരുന്നത്. കാർഷിക വിളകൾ നശിപ്പിക്കാതിരിക്കാനാണ് ഈ രീതി അവലംബിച്ചിരിക്കുന്നത്. വീടിനോട് ചേർന്ന 6 ച.മീറ്റർ വിസ്താരമുള്ള ഒരു ചായ്പിൽ രണ്ട് ആടുകളെയും അവയുടെ കുട്ടികളെയും വളർത്താം. തറ നിരപ്പിൽ നിന്ന് ഒന്നരമീറ്റർ ഉയരത്തിൽ മുള, പന, കമുക്, തെങ്ങ് എന്നിവയുടെ തടിയുപയോഗിച്ച് പ്ലാറ്റ് ഫോം നിർമ്മിക്കേണ്ടതുണ്ട്. കാഷ്ഠം തറയിൽ പോകാനായി പലകകൾക്കിടയിൽ 3-4 സെന്റീമീറ്റർ വിടവുണ്ടായിരിക്കണം.

മുട്ടനാടിന് 2.0 X 1.5 മീറ്ററും പെണ്ണാടുകൾക്ക് 1.5 X 1.5 മീറ്ററും സ്ഥല വിസ്താരം ലഭിക്കണം. മേൽക്കൂരയായി ഓലയോ ആസ്ബസ്റ്റോസ് ഷീറ്റോ ഉപയോഗിക്കാം. കൂടിനുള്ളിൽ എപ്പോഴും ശുദ്ധവായുവും വെളിച്ചവും ലഭിക്കണം. ഈർപ്പം നിലനിൽക്കാൻ പാടില്ല.

വാണിജ്യാടിസ്ഥാനത്തിൽ പറ്റമായി ആടുകളെ വളർത്തുമ്പോൾ 20 ആടുകൾക്കായി ഒരു കൂട് നിർമ്മിക്കാം. ഒരാടിന് ഒരു ചതുരശ്രമീറ്റർ സ്ഥലം ലഭിക്കണം. മുട്ടനാടിന് 2.4 X 1.8 മീറ്റർ സ്ഥലം ലഭിക്കുന്ന കൂടുകൾ പ്രത്യേകമായുണ്ടാക്കണം. ആട്ടിൻകുട്ടികൾക്ക് 0.3 ച. മീ എന്ന കണക്കിൽ സ്ഥലം ലഭിക്കണം. 1.8 X 1.8 മീറ്റർ വിസ്താരമുള്ള ഒരു മുറിയിൽ 10 കുട്ടികളെ വളർത്താവുന്നതാണ്. ആടുഫാമുകൾ തുടങ്ങുമ്പോൾ തീറ്റപ്പുൽ കൃഷി ചെയ്യാൻ സൗകര്യമുള്ള പ്രദേശങ്ങളാണ് തിരഞ്ഞെടുക്കേണ്ടത്. ഭൂനിരപ്പിൽ നിന്നും ഉയർന്ന പ്രദേശത്ത് കിഴക്കു പടിഞ്ഞാറ് ദിശയിലായിരിക്കണം ഫാമിനുള്ള കെട്ടിടം നിർമ്മിക്കേണ്ടത്. കൂടിന്റെ വശം മരംകൊണ്ടോ, സുഷിരങ്ങളോടുകൂടിയ ഇഷ്ടികകൾ കൊണ്ടോ നിർമ്മിക്കാവുന്നതാണ്. കൂടിന്റെ ഒരു വശത്തായി ഒരു വാതിലും ഘടിപ്പിക്കണം. ശുദ്ധജലം കൂടിനുള്ളിൽ ലഭ്യമാക്കാനായി 50 X 20 X 15 സെ.മീറ്റർ വലിപ്പത്തിൽ തറനിരപ്പിൽ നിന്നും അൽപം ഉയരത്തിലായി വെള്ളത്തൊട്ടികൾ നിർമ്മിക്കണം. ഇതോടൊപ്പം 30 X 20 സെ.മീ വലിപ്പത്തിലുള്ള തീറ്റത്തൊട്ടികൾ കൂടിന്റെ വശങ്ങളിൽ സ്ഥാപിക്കണം.

### ആഹാര രീതി

ആട് അയവിറക്കുന്ന മൃഗമാണ്. അതിന്റെ ശരീരവലിപ്പം കണക്കിലെടുക്കുമ്പോൾ അതേ വലിപ്പമുള്ള ഒരു പശുകഴിക്കുന്നതിനേക്കാൾ കൂടു

തൽ തീറ്റ ഭക്ഷിക്കുന്നുണ്ട്. ആടുകളിൽ നിന്നും ലഭിക്കുന്ന വിവിധ തരം ഉൽപന്നങ്ങളുടെ മേന്മ അവയ്ക്കു കിട്ടുന്ന പോഷണത്തെ ആശ്രയിച്ചിരിക്കുന്നു.

ആട്ടിൻകുട്ടികൾക്ക് ആദ്യത്തെ അഞ്ചു ദിവസങ്ങളിൽ ദിവസേന 4 പ്രാവശ്യമെങ്കിലും പാല് നൽകണം. ഇങ്ങനെ ലഭിക്കുന്ന കന്നിപ്പാൽ അവയ്ക്കു പ്രതിരോധ ശക്തി നേടിക്കൊടുക്കുന്നു. തുടർന്ന് ആദ്യത്തെ മാസം ആട്ടിൻകുട്ടിയുടെ ശരീരതൂക്കത്തിന്റെ ആറിൽ ഒന്ന് എന്ന നിരക്കിലും രണ്ടാം മാസം എട്ടിൽ ഒന്ന് ഭാഗം എന്ന നിരക്കിലും പാല് ആവശ്യമാണ്. ഒരാഴ്ച പ്രായമെത്തുമ്പോൾ മുതൽ ആട്ടിൻകുട്ടിക്ക് ഖരാഹാരം കുറേശ്ശെ കൊടുത്ത് ശീലിപ്പിക്കണം. ഒരു മാസം കൊണ്ട് ആട്ടിൻകുട്ടികൾ പുല്ലും ഇലകളും കഴിച്ചു തുടങ്ങുന്നു. മൂന്നു മാസത്തിനുശേഷം പാല് നൽകേണ്ടതില്ല. ആടുകൾക്ക് ധാരാളം പച്ചിലകൾ ലഭ്യമാണെങ്കിൽ അത് ശരീര സംരക്ഷണത്തിനാവശ്യമായ എല്ലാപോഷകങ്ങളും പ്രദാനം ചെയ്തുകൊള്ളും. ആടുകൾക്ക് പ്ലാവ്, മുരിക്ക്, വേങ്ങ, കൈനി, പൂവ്വം മുതലായ വൃക്ഷ ഇലകളും ഗിനി, നേപ്പിയർ, പാര എന്നീ പുല്ലിനങ്ങളും പയറുവർഗ്ഗത്തിൽപ്പെട്ട ചെടികളുടെ ഇലകളും നൽകാവുന്നതാണ്. ഉണക്കപ്പുല്ല്, വൈയ്ക്കോൽ, സൈലേജ് എന്നിവയും ആടുകൾക്ക് പഥ്യമാണ്. തീറ്റ വളരെയധികം നഷ്ടപ്പെടുത്തുന്ന സ്വഭാവമുള്ളതുകൊണ്ട് അൽപാൽപമായും ഇടവിട്ടും ആയിരിക്കണം തീറ്റ നൽകേണ്ടത്. സാധാരണയായി നമ്മുടെ നാട്ടിൽ പച്ചിലകളോടൊപ്പം ഖരാഹാരവും ആഹാരക്രമത്തിൽ ഉൾപ്പെടുത്താറുണ്ട്. പശുക്കൾക്ക് കൊടുക്കുന്ന എല്ലാത്തരം കാലിത്തീറ്റകളും ആടുകൾക്ക് നൽകാവുന്നതാണ്. ഗർഭിണിയായ ആടുകൾക്ക് 4–ാം മാസം മുതൽ 200 ഗ്രാം തീറ്റ കൂടുതലായി നൽകണം. കറവയുള്ള ആടുകൾക്ക് സംരക്ഷണത്തിനാവശ്യമായ തീറ്റയ്ക്ക് പുറമേ 1. കി.ഗ്രാം പാലിന് 400 ഗ്രാം തീറ്റ എന്ന തോതിൽ അധികമായി നൽകണം.

ദിവസവും 2 നേരമായി ഖരാഹാരം നൽകുന്നതാണ് ഉത്തമം. കറവയുള്ള ആടുകൾക്ക് കറവയ്ക്കു മുമ്പായി തീറ്റ നൽകണം.

ആവശ്യാനുസരണം ശുദ്ധജലം ആടുകൾക്ക് ലഭിക്കണം. പ്രായപൂർത്തിയായ ഒരാടിന് പ്രതിദിനം അഞ്ചു ലിറ്ററോളം ശുദ്ധജലം നൽകണം.

| **ആടുകൾക്ക് നൽകാവുന്ന സാന്ദ്രിതാഹാരം...** | **ഒരു മാതൃക** |
|---|---|
| നിലക്കടലപ്പിണ്ണാക്ക് | 25 ഭാഗം |
| തേങ്ങാപ്പിണ്ണാക്ക് | 10 ഭാഗം |
| തവിട് | 22 ഭാഗം |
| ഉണക്ക മരച്ചീനി | 10 ഭാഗം |
| മഞ്ഞച്ചോളം | 15 ഭാഗം |
| മുതിര / കടല | 15 ഭാഗം |
| ധാതു ലവണ മിശ്രിതം | 1 ½ ഭാഗം |
| ഉപ്പ് | 1 ½ ഭാഗം |

## ആടുകളുടെ തീറ്റക്രമം

| പ്രായം | ശരീര തൂക്കം (കി.ഗ്രാം) | പാല് (മി.ലിറ്റർ) | സാന്ദ്രിത ആഹാരം (ഗ്രാം) | വൃക്ഷ ഇല ഗ്രാം |
|---|---|---|---|---|
| 1-5 ദിവസം | 1.5 -2 | കന്നിപ്പാൽ | – | – |
| 6-30 ദിവസം | 2-3 | 300-500 | അൽപം | അൽപം |
| 30-60 ദിവസം | 3-5 | 400-500 | 50-100 | അൽപം |
| 60-90 ദിവസം | 5-7.5 | 350-500 | 100-150 | 250 |
| 90-120 ദിവസം | 7.5-10 | – | 150-250 | 500 |
| 5-6 മാസം | 10-15 | – | 250-300 | 750 |
| 6-12 മാസം | 15-20 | – | 300-400 | 1-2 കി.ഗ്രാം |
| പ്രായപൂർത്തിയായ ആട് | 25-30 | – | 200-300 | 2-3 കി.ഗ്രാം |
| കൊറ്റനാട് | 30-40 | – | 300-500 | 3-5 കി.ഗ്രാം |

## ആരോഗ്യപരിപാലനം

1. ആടുകൾക്ക് തീറ്റ, വെള്ളം, എന്നിവ ശുചിയായ പാത്രങ്ങളിൽ നൽകുക.
2. ആട്ടിൻകൂട് വൃത്തിയായും നനവില്ലാതെയും സൂക്ഷിക്കുക.
3. ആട്ടിൻ കുട്ടികൾക്ക് മാസം തോറും വിരമരുന്ന് നൽകുക.
4. ബാഹ്യപരാദങ്ങൾ (ചെള്ള്, പേൻ) എന്നിവയെ നിയന്ത്രിക്കാൻ നടപടികൾ കൈക്കൊള്ളുക.
5. കറക്കുന്നതിന് മുമ്പും പിമ്പും അകിട് അണുനാശിനി/ലോഷനുകൾ ഉപയോഗിച്ച് വൃത്തിയാക്കുക.
6. കുളമ്പുരോഗം, കുരലടപ്പൻ എന്നീ രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവെയ്പ് നടത്തുക.
7. ആഹാരക്രമത്തിൽ പെട്ടന്നുള്ള മാറ്റം ഒഴിവാക്കുക.
8. ആട്ടിൻകുട്ടികൾ ജനിച്ച ഉടൻതന്നെ അവയുടെ പൊക്കിൾകൊടിയിൽ അണുനാശിനി പുരട്ടുക.

## ആടുകളിലെ രോഗങ്ങൾ

വിരശല്യം, വയറിളക്കം, ശ്വാസകോശസംബന്ധമായ അസുഖങ്ങൾ, രക്താതിസാരം, വസൂരി, ടെറ്റനസ് എന്നിവ സാധാരണയായി ആടുകളിൽ കാണുന്ന രോഗങ്ങളാണ്.

വിരബാധ ആട്ടിൻ കുട്ടികളുടെ വളർച്ച തന്നെ മുരടിപ്പിക്കുന്നു ആഹാരത്തോടുള്ള വിരക്തി, വയറിളക്കം, ക്രമാതീതമായി വയർ വീർത്തിരിക്കുക, താടിയുടെ അടിഭാഗത്ത് നീർവീക്കം എന്നിവ വിരശല്യത്തിന്റെ ലക്ഷണങ്ങളാണ്. മാസം തോറും വിരമരുന്ന് കൊടുത്ത് വിരബാധ നിയന്ത്രിക്കാവുന്നതാണ്.

ശ്വാസകോശത്തെ ബാധിക്കുന്ന ന്യൂമോണിയ മൂലം ശ്വാസകോശ തടസ്സം, മൂക്കൊലിപ്പ് ശക്തമായ പനി എന്നീ ലക്ഷണങ്ങൾ പ്രകടമാവുന്നു.

കുടലിൽ ഉണ്ടാകുന്ന സൂക്ഷ്മ പരാദബാധമൂലമാണ് രക്താതിസാരം ഉണ്ടാകുന്നത്. വയറിളക്കം, വിളർച്ച എന്നിവ ഈ രോഗത്തിന്റെ മുഖ്യലക്ഷണങ്ങളാണ്.

ആടുകളിൽ മുറിവുകൾ വേണ്ടവിധം ശ്രദ്ധിക്കാതിരുന്നാൽ അതിൽ കൂടി അണുബാധയുണ്ടായി ടെറ്റനസ് എന്ന രോഗം ബാധിക്കുന്നു ആയതിനാൽ മുറിവുകളുടെ പരിരക്ഷ പ്രധാനപ്പെട്ട ഒന്നാണ്.

അകിടുവീക്കം, ഗർഭചരിദ്രം എന്നീ അസുഖങ്ങളും പശുക്കളിലെന്നപോലെ ആടുകളിലും സാർവത്രികമാണ്. വൃത്തിയില്ലാത്ത കൂട്, പരിസരം, അകിടിലുണ്ടാകുന്ന ക്ഷതങ്ങൾ എന്നിവ അകിടുവീക്കത്തിന് കാരണമാകുന്നു. അകിടുവീക്കം ബാധിച്ച മുലക്കാമ്പിൽ നീർവീക്കം കാണുന്നു. പാലിന്റെ ഘടനയും നിറവും അപ്പാടെ വ്യത്യാസപ്പെടുന്നു. ഇതോടൊപ്പം വിശപ്പില്ലാ



യ്മ, പനി, ക്ഷീണം എന്നീ ലക്ഷണങ്ങളും കാണാറുണ്ട്. ആന്റി ബയോട്ടിക് മരുന്നുകൾ കുത്തിവെച്ചാണ് ഈ രോഗം ചികിത്സിക്കുന്നത്.

വയർ വീർക്കൽ അഥവാ വയർപെരുക്കം ആടുകളിൽ സാധാരണ കണ്ടുവരാറുണ്ട്. ആമാശയത്തിൽ വാതകങ്ങൾ കൂടുതലായി ഉത്പാദിപ്പിക്കപ്പെടുകയും അവയുടെ ബഹിർഗമനം തടസ്സപ്പെടുകയും ചെയ്യുമ്പോഴാണ് ഇതുണ്ടാകുന്നത്. മരച്ചീനിയുടെ തളിരിലകൾ, റബ്ബറിലകൾ, വെള്ളരിക്ക, ചക്കമടൽ എന്നിവ വിഴുങ്ങുമ്പോൾ തൊണ്ടയിൽ തടസ്സം നേരിടുന്നതാണ് ഒരു കാരണം. അമിതമായി വയർ വീർക്കുന്നതു കൊണ്ട്, ശ്വാസോച്ഛ്വാസത്തിന് വിഷമം നേരിടുന്നു. ആട് ഉദരഭാഗത്ത് ചവിട്ടാൻ ശ്രമിക്കുക, കൂടെക്കൂടെ എഴുന്നേൽക്കുകയും കിടക്കുകയും ചെയ്യുക, വായിൽക്കൂടി നരുയും പതയും വരുക, പല്ലു കടിക്കുക, നാക്ക് പുറത്തേക്കിടുക എന്നിവ ലക്ഷണങ്ങളാണ്. വേണ്ടവിധത്തിൽ ചികിത്സിച്ചില്ലെങ്കിൽ മരണപ്പെടുവാൻ സാധ്യതയുണ്ട്. അതിനാൽ എത്രയും പെട്ടെന്ന് വിദഗ്ധചികിത്സ ലഭ്യമാക്കുക.

ദഹനക്കേട് ആടുകളിൽ സാധാരണ കാണപ്പെടുന്നു. അയവെട്ടാതിരിക്കുക, വയറുവേദനയുടെ ലക്ഷണങ്ങൾ കാണിക്കുക, ഉന്മേഷമില്ലായ്മ, തീറ്റയിൽ വിരക്തി, ഉദരഭാഗത്ത് കട്ടിയുള്ള വസ്തു കിടക്കുന്നതുപോലെ തോന്നുക എന്നിവയെല്ലാം ഇതിന്റെ ലക്ഷണങ്ങളാണ്. വയറ്റിൽ നിന്ന് പോകാതിരിക്കുകയോ വയറിളക്കമോ കാണുന്നു. ആഹാരക്രമത്തിൽ പെട്ടെന്നുള്ള മാറ്റം, ക്രമത്തിലധികം ധാന്യങ്ങൾ, പഴകിയ ആഹാരപദാർത്ഥങ്ങൾ, ചക്കമടൽ, കമുകിൻപാള, റബ്ബർ പാൽ എന്നിവ കഴിക്കുന്നത് ഇതിന് കാരണാകുന്നു.

വിരേചന ഔഷധം ഉത്തമമാണ്. ദഹനക്കേട് എന്ത് ആഹാരം കഴിച്ചതുമൂലമാണ് എന്നതിനെ ആശ്രയിച്ചാണ് ചികിത്സ. റബ്ബർ പാല് കുടിച്ചയുടനേയാണെങ്കിൽ നേർപ്പിച്ച ഫോർമലിൻ, ടർപെന്റയിൻ, സോഡിയം ബൈകാർബണേറ്റ്, സസ്യ എണ്ണകൾ എന്നിവ ഉള്ളിൽ കൊടുക്കുന്നത് പ്രയോജനപ്രദമാണ്.

ക്ഷീരസന്നി, കീറ്റോസിസ് എന്നീ ഉപാപചയരോഗങ്ങളും ആടുകളിൽ കണ്ടുവരുന്നു.

ആടുകളിൽ കണ്ടുവരുന്ന ഒരു പകർച്ചവ്യാധിയാണ് ആടുവസന്ത. ആടുകളുടെ മുഖത്തും കീഴ്ചുണ്ടിലും വ്രണങ്ങൾ, വയറിളക്കം എന്നിവയ്ക്കുപുറമെ  ശ്വാസകോശത്തെയും ഈ രോഗം ബാധിക്കുന്നു. വായിലെ വ്രണങ്ങൾ കാരണം  ആഹാരം കഴിക്കാൻ സാധിക്കാത്തതിനാൽ മരണം സംഭവിക്കാം. വൈറൽ രോഗമായ ആടുവസന്തയെ പ്രതിരോധ കുത്തിവയ്പ്പ് നൽകി തടയാവുന്നതാണ്.

**പ്രത്യുൽപാദനം**

12 മുതൽ 15 മാസമെത്തുമ്പോൾ പെണ്ണാടുകളെ ഇണചേർക്കാവുന്ന

താണ്. അതായത് 15 കി.ഗ്രാം തൂക്കമെങ്കിലും അവയ്ക്കുണ്ടായിരിക്കണം. പെണ്ണാടുകൾക്ക് 28 ദിവസത്തിലൊരിക്കൽ മദിലക്ഷണങ്ങൾ പ്രകടമാകും. തുടർച്ചയായി വാൽ ആട്ടുക, കരച്ചിൽ, അസ്വസ്ഥത, ജനനേന്ദ്രിയം തടിച്ചിരിക്കുക, അതിൽ നിന്നും ശ്ലേഷ്മദ്രാവകം പോവുക എന്നിവയാണ് മദിലക്ഷണങ്ങൾ. മദിലക്ഷണം ഒന്നു മുതൽ രണ്ടു ദിവസം വരെ നീണ്ടു നിൽക്കാറുണ്ട്. മദിയുടെ രണ്ടാമത്തെ പകുതിയിൽ ഇണചേർക്കുന്നതാണ് ഉത്തമം.

* മുട്ടനാടുകളെ ഒന്നരവയസ്സ് പ്രായമെത്തുമ്പോൾ ഇണചേർക്കാൻ ഉപയോഗിക്കാം. നല്ല മുട്ടനാടുകളെ 5 മുതൽ 6 വർഷം വരെ പ്രജനനത്തിനുപയോഗിക്കാം.

* ആടുകളുടെ ഗർഭകാലം അഞ്ചുമാസമാണ് പ്രസവത്തിന് ഒരു മാസം മുമ്പ് കറവ നിറുത്തണം.

* പ്രസവിച്ച് രണ്ട് മാസം കഴിയുമ്പോൾ പെണ്ണാടുകൾ മദിലക്ഷണങ്ങൾ കാണിക്കും. അപ്പോൾ വീണ്ടും ഇണചേർക്കാവുന്നതാണ്.



**പാലുത്പാദനം**

വളരെയധികം പോഷകമൂല്യങ്ങൾ നിറഞ്ഞ ഒന്നാണ് ആട്ടിൻ പാൽ. ഇതിലുള്ള കൊഴുപ്പും, മാംസ്യവും വേഗത്തിൽ ദഹിക്കുന്ന തരത്തിലുള്ളതാണ്. കൂടാതെ കൂടുതൽ വിറ്റാമിനുകളും ധാതുലവണങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്. ഗർഭിണികൾക്കും കൊച്ചു കുട്ടികൾക്കും ഔഷധമായി ആട്ടിൻ പാല് നൽകി വരുന്നു. ആട്ടിൻപാലിൽ ശരാശരി 4.5 ശതമാനം കൊഴുപ്പും 4 ശതമാനത്തോളം മാംസ്യവും അടങ്ങിയിരിക്കുന്നു.

പശുവിൻ പാലിനെ അപേക്ഷിച്ച് ബഫറിംഗ് ശക്തി കൂടുതലായതിനാൽ ആമാശയത്തിൽ അമ്ലാധിക്യമുള്ളവർക്ക് ആട്ടിൻ പാല് ഔഷധമാണ്. പശുവിൻ പാലിനോട് അലർജിയുള്ളവർക്കും ആട്ടിൻപാല് പഥ്യമാണ്.

ദിവസവും രാവിലെയും വൈകിട്ടുമായി രണ്ടുനേരം ആടിനെ കറക്കാം. ഇക്കാര്യത്തിൽ സമയക്ലിപ്തത പാലിക്കുന്നത് നല്ലതാണ്. ചുരത്തിയ പാല് കഴിവതും വേഗം കറന്നെടുക്കണം. ആട്ടിൻപാല് മുഴുവനായി കറന്നെടുക്കുന്നതും കറക്കാതെ മുഴുവനായി കുട്ടികൾക്കു വിടുന്നതും നന്നല്ല. കുട്ടികളുടെ ആവശ്യം കഴിഞ്ഞുള്ള പാല് കറന്നെടുക്കണം. കറവയിൽ ശുചിത്വം പാലിക്കണം. കറവയ്ക്കുമുമ്പായി അകിടും കാമ്പും വൃത്തിയാക്കണം. കറവപാത്രങ്ങളും കറക്കുന്നയാളുടെ കൈകളും ശുചിയുള്ളതായിരിക്കണം. സംശുദ്ധമായ പാലുത്പാദനത്തിന് ഇത് ആവശ്യമാണ്.

**മാംസോൽപാദനം**

ആട്ടിറച്ചിക്കു നമ്മുടെ നാട്ടിൽ നല്ല പ്രിയമാണ്. സംസ്ഥാനത്തെ മൊത്തം മാംസോൽപാദനത്തിന്റെ 14 ശതമാനം ആട്ടിറച്ചിയിൽ നിന്നുമാണ് ലഭിക്കുന്നത്. പ്രതിവർഷം 10 ലക്ഷത്തോളം ആടുകളെ നമ്മുടെ സംസ്ഥാനത്ത് അറവ് ചെയ്യുന്നുണ്ട്. എന്നാൽ കേരളത്തിൽ ആവശ്യമുള്ള ആട്ടിറച്ചിയുടെ ഒരു ഭാഗം മാത്രമേ നാമിവിടെ ഉത്പാദിപ്പിക്കുന്നുള്ളൂ. ഒരു വയസ്സിനു താഴെയുള്ള ആടിന്റെ ഇറച്ചിയാണ് കൂടുതൽ സ്വാദിഷ്ടം. ഇളം ചുവപ്പുനിറമുള്ള ആട്ടിറച്ചിക്കു കൊഴുപ്പിന്റെ അംശം കുറവാണ്.

**ആട്ടിൻ രോമം**

ഗുണമേന്മയും വലിപ്പവുമുള്ള ആടിന്റെ രോമങ്ങളിൽ നിന്ന് രോമക്കുപ്പായം, കമ്പിളി എന്നിവ ഉത്പാദിപ്പിക്കുന്നു. അങ്കോറ ആടുകളുടെ മേന്മയേറിയ രോമങ്ങൾ 'മൊഹയർ' എന്ന പേരിൽ അറിയപ്പെടുന്നു. പാഷ്മിന രോമക്കുപ്പായം ഇൻഡോ ടിബറ്റൻമേഖലയിലുള്ള പാഷ്മിന ആടുകളുടെ രോമുപയോഗിച്ച് ഉണ്ടാക്കുന്നവയാണ്.

കൂടാതെ ആടുകളിൽ നിന്നും കിട്ടുന്ന കാഷ്ടം പശുവിൻ ചാണകത്തെക്കാൾ മെച്ചപ്പെട്ട ജൈവവളമാണ്. ഇതിൽ നൈട്രജൻ, ഫോസ്ഫറസ് എന്നിവ കൂടിയ അളവിൽ അടങ്ങിയിരിക്കുന്നു.

## ആരോഗ്യരക്ഷാനടപടികൾ

### 1. പ്രതിരോധ കുത്തിവയ്പുകൾ

| രോഗം | കുത്തിവയ്പു നടത്തേണ്ട പ്രായം | കൊടുക്കുന്ന രീതി |
|---|---|---|
| കുളമ്പുദീനം | 6–8 ആഴ്ച പ്രായത്തിൽ ഓരോ 6 മാസം കൂടുമ്പോൾ ആവർത്തിക്കണം | 1.മി.ലി./എസ്.സി |
| കാലിവസന്ത | 3–4 മാസം പ്രായത്തിൽ ഒന്നിടവിട്ടുള്ള വർഷം വീതം ആവർത്തിക്കണം | 1. മി.ലി /എസ്.സി |
| അടപ്പൻ | 3–4 മാസം പ്രായത്തിൽ ഓരോ വർഷവും ആവർത്തിക്കുക | 0.5 മി.ലി/എസ്.സി |
| കുരലടപ്പൻ | – | |
| കരിങ്കാലി | – | |
| ആടുകളിലെ പ്ലൂറോന്യൂമോണിയ | 6 മാസം പ്രായമാകുമ്പോൾ 6 മാസം കഴിയുമ്പോൾ ആവർത്തിക്കണം | |
| ആടുവസന്ത | 6 മാസം പ്രായമാകുമ്പോൾ ഓരോ വർഷവും ആവർത്തിക്കണം | 1. മി.ലി /എസ്.സി |

### 2. രോഗനിർണയ പരിശോധന

| | |
|---|---|
| ക്ഷയം | ഓരോ വയസ്സു കഴിയുമ്പോഴും |
| പരാക്ഷയം | വർഷത്തിലൊരിക്കൽ |
| ബ്രൂസെല്ലോസിസ് | വർഷത്തിലൊരിക്കൽ |

*അവലംബം –*

*ശാസ്ത്രീയമായ ആടുവളർത്തൽ, കേരള കാർഷിക സർവ്വകലാശാല*



# ആദായകരമായ ആടുവളർത്തൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ